"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്-വിമുക്ത ഭടന്മാരുടെ ഭവനങ്ങളുടെ വസ്തു നികുതിയിളവ് - നിബന്ധനകൾ പുതുക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(കൈ) നം.134/2023/LSGD  തീയതി,തിരുവനന്തപുരം, 04-07-2023

---

പരാമർശം:-

1. 02.07.2013 ലെ സ.ഉ.(കൈ) നം. 242/2013/തസ്വഭവ ഉത്തരവ്.
2. 26.05.2017-ലെ സ. ഉ (കൈ) നം. 106/2017/തസ്വഭവ ഉത്തരവ്.
3. 20.02.2021 ലെ സ.ഉ.(കൈ) നം. 60/2021/തസ്വഭവ ഉത്തരവ്.
4. 25.02.2021 ലെ സ.ഉ.(കൈ) നം.69/2021/തസ്വഭവ ഉത്തരവ്.
5. 19.07.2022-ലെ സ.ഉ.(കൈ) നം. 153/2022/തസ്വഭവ ഉത്തരവ്.
6. തിരുവനന്തപുരം നഗരസഭാ സെക്രട്ടറിയുടെ 10.02.2023 തീയതിയിലെ R5/68247/2022 നമ്പർ കത്ത്.
7. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 23.05.2023 തീയതിയിലെ LSGD/PD/34427/2023-REV-2 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1)-ലെ സർക്കാർ ഉത്തരവ് പ്രകാരം വിമുക്ത ഭടന്മാർ/ അവരുടെ ഭാര്യമാർ/ വിധവകൾ/ ഏറ്റുമുട്ടലിൽ അംഗവൈകല്യം സംഭവിച്ച ജവാന്മാർ/ ജവാന്മാരുടെ വിധവകൾ എന്നിവരുടെ യഥാർത്ഥ താമസത്തി നായി ഉപയോഗിക്കുന്ന ഭവനങ്ങളുടെ വസ്തു നികുതി (Property Tax) ഒഴിവാക്കിയത് സംബന്ധിച്ച സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുണ്ട്. പരാമർശം (2)-ലെ സർക്കാർ ഉത്തരവിൽ വസ്തു നികുതിയിളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31-നു മുൻപായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികൾക്ക് നിർദ്ദിഷ്ട മാതൃകയിൽ സാക്ഷ്യപത്രം നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

2) വിമുക്ത ഭടന്മാരുടെ കെട്ടിട നികുതിയിളവിനുള്ള അപേക്ഷ യഥാസമയം സമർപ്പിക്കാത്തതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നികുതിയിളവ് നിരസിക്കുന്നതുമായി ബന്ധപ്പെട്ട് നിരവധി നിവേദനങ്ങൾ സർക്കാരിൽ ലഭ്യമാകുന്ന സാഹചര്യം പരിഗണിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം നഗരസഭാ സെക്രട്ടറി എന്നിവർ പരാമർശം 6 & 7 -ലെ കത്തുകൾ പ്രകാരം നികുതിയിളവിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയ പരിധി സംബന്ധിച്ച് സർക്കാരിൽ ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിമുക്ത ഭടന്മാർ/ അവരുടെ ഭാര്യമാർ/ വിധവകൾ/ ഏറ്റുമുട്ടലിൽ അംഗവൈകല്യം സംഭവിച്ച ജവാന്മാർ/ ജവാന്മാരുടെ വിധവകൾ എന്നിവരുടെ യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന ഭവനങ്ങളുടെ വസ്തു നികുതി (Property Tax) ഇളവ് ലഭിക്കുന്നതിന് വർഷാവർഷം അപേക്ഷ സമർപ്പിക്കണം എന്ന പരാമർശം (2)-ലെ നിബന്ധന ഒഴിവാക്കുന്നു. പകരം അഞ്ചു വർഷത്തിലൊരിക്കൽ അപേക്ഷ

സമർപ്പിക്കേണ്ടതും, എന്നാൽ അവരുടെ താമസ കെട്ടിടം പിന്നീട് കൈമാറ്റം ചെയ്യപ്പെട്ടുയോ സ്വന്തം താമസ ആവശ്യത്തിന് അല്ലാതെ മറ്റ് ആവശ്യത്തിന് ഉപയോഗിക്കുകയോ, ആയത് നഗരസഭയിൽ കൃത്യസമയത്ത് അറിയിക്കാതിരിക്കുകയോ ചെയ്യുന്ന പക്ഷം രണ്ടിരട്ടി പിഴയോട്ടുകൂടി (അറിയിക്കുന്ന സമയം വരെ) നികുതി ഈടാക്കാമെന്നുള്ള ഒരു സത്യവാങ്മൂലവും ലൈഫ് സർട്ടിഫിക്കറ്റും കൂടി അപേക്ഷയോടൊപ്പം ഹാജരാക്കണമെന്നും വ്യവസ്ഥ ചെയ്തുകൊണ്ട് പരാമർശം (2)-ലെ സർക്കാർ ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രഞ്ജൻ രാജ് ആർ പി**

**ഡെപ്യൂട്ടിസെക്രട്ടറി**

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.
3. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികൾക്കും (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന).
4. ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ് I/ഓഡിറ്റ്II), കേരള, തിരുവനന്തപുരം.
6. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
7. പൊതുഭരണ (സൈനിക ക്ഷേമം) വകുപ്പ്.
8. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (തസ്വഭവ-ആർ സി 2/278/2022-തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ